**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2378** **30-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിരോധിത ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്.<br><br>പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും, കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങളുടെ വിതരണം എന്നിവ നടത്തുന്നു. നിലവിൽ സംസ്ഥാനത്തെ 29 സ്കൂളുകളിൽ ഉണർവ്വ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്<br><br>ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി "നേർവഴി" എന്ന പദ്ധതി നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിന് പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ബാല്യം അമൂല്യം എന്ന പദ്ധതി നടപ്പിലാക്കുന്നു. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം ആകെ 140 സ്കൂളുകളിൽ ടി പദ്ധതി ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിമുക്തി കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി വിമുക്തി കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ